കർശന നിർദ്ദേശവും കരാറുകാർക്ക് നൽകിയിട്ടുണ്ട്. പ്രധാന രണ്ട് പ്രവൃത്തികൾ (ലാംഗേജ് ബ്ലോക്ക്, ജീവനക്കാരുടെ ക്വാർട്ടേഴ്സ്) പൂർത്തീകരിച്ചിട്ടുമുണ്ട്.

(സി&ഡി) ധനകാര്യ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള റഫറൻസ് അസിസ്റ്റന്റിനെതിരെ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത അന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്താൻ കഴിയാത്തതിനാൽ തുടർനടപടികൾ ആവശ്യമില്ല എന്ന് വിജിലൻസ് വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്.

ശാസ്ത്ര സാങ്കേതിക മ്യൂസിയം ജീവനക്കാരുടെ യാത്രാബത്ത

220 (4884) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ 28-1-2012-ലെ ജി.ഒ.(പി) 74/2012/fin നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ യാത്രാബത്ത പരിധി കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ ജീവനക്കാർക്കും ബാധകമാണോ; ഒരു മാസം കാലയളവിൽ യാത്രാബത്ത പരിധി എത്ര;

(ബി) 2012 മുതൽ 2019 മാർച്ച് വരെ ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ ഉദ്യോഗസ്ഥർ ഓരോ പ്രാവശ്യവും യാത്രാബത്ത ഇനത്തിൽ എത്ര തുക കൈപ്പറ്റി; അവരുടെ പേര്, തസ്തികപോയ സ്ഥലം,എന്ന് ആവശ്യത്തിന് യാത്ര ചെയ്ത ഇവ ഇനം തിരിച്ച കണക്കുകൾ വ്യക്തമാക്കാമോ;

(സി) ധനകാര്യ വകുപ്പിന്റെ ഉത്തരവിൽ പറഞ്ഞിട്ടുള്ള പരിധി കഴിഞ്ഞ് ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ ഉദ്യോഗസ്ഥന്മാർ യാത്രാബത്ത കൈപ്പറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഓരോ പ്രാവശ്യവും യാത്രാബത്ത ഇനത്തിൽ അധികം കൈപ്പറ്റിയ തുക എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) യാത്ര ബത്ത ഇനത്തിൽ അധികമായി കൈപ്പറ്റിയ തുക ഈ ഉദ്യോഗസ്ഥരിൽ നിന്ന് തിരിച്ചു പിടിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly